**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2448** **30-09-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്ഥാപന സെക്രട്ടറി തസ്തികയിലേയ്ക്ക് പ്രമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ പൊതുസർവീസിലുൾപ്പെട്ട ഏതൊക്കെ വകുപ്പുകളിലുള്ള ജീവനക്കാർക്കാണ് തദ്ദേശസ്ഥാപന സെക്രട്ടറി തസ്തികയിലേയ്ക്ക് നേരിട്ടുള്ള പ്രമോഷനോ / ബൈട്രാൻസ്ഫർ പ്രമോഷനോ അർഹത ഉള്ളതെന്ന് റേഷ്യോ സഹിതം വ്യക്തമാക്കാമോ; | (എ) | **തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ പ്രകാരം Secretary, Local Self Government Institutions കാറ്റഗറിയിൽ ഉൾപ്പെടുന്ന തസ്തികകൾ ചുവടെ ചേർക്കുന്നവയാണ്.**<br><br>Grama Panchayat Secretary/ Block Panchayat Secretary/ Municipal Secretary Grade III/ Senior Superintendent/ Revenue Officer Grade I/ Accounts Officer, Local Self Government Institutions/ Council Secretary, Local Self Government Institutions/ Deputy Municipal Secretary/ **Deputy Corporation Secretary.**<br><br>ടി തസ്തികകളിലേയ്ക്കുള്ള പ്രൊമോഷൻ/ ബൈട്രാൻസ്ഫർ നിയമനം സംബന്ധിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ Rule 5 Group I General Wing Sl No. 5 ന്റ ചുവടെയുള്ള Note 2 പ്രകാരം നിലവിലുണ്ടായിരുന്ന വകുപ്പുകളിലെ അവസാനത്തെ ജീവനക്കാരനും സെക്രട്ടറി, LSGI തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതു വരെ വകുപ്പിൽ നിലവിലുണ്ടായിരുന്ന അനുപാതം തുടരുന്നതാണ്. ആയത് പ്രകാരം മുൻപഞ്ചായത്ത് വകുപ്പിൽ നേരിട്ടുള്ള നിയമനം 220 തസ്തികകളിലേയ്ക്കും മുൻ ഗ്രാമവികസന വകുപ്പിൽ നേരിട്ടുള്ള നിയമനവും ബൈ ട്രാൻസ്ഫർ നിയമനവും 40:60 അനുപാതത്തിലും മുൻ നഗരകാര്യ വകുപ്പിലെ മുനിസിപ്പൽ സെക്രട്ടറി തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനവും ബൈ ട്രാൻസ്ഫർ റിക്രൂട്ട്മെന്റ് നിയമനവും 4:3:1 എന്ന അനുപാതത്തിലും നടത്തിവരുന്നു. |

<table>
<tr><td>(ബി)</td><td>തദ്ദേശ പൊതുസർവീസ് രൂപീകരിച്ചതിന് ശേഷം മേൽ പ്രകാരം ഓരോ വകുപ്പിൽ നിന്നും എത്ര പേർക്ക് പ്രമോഷനോ/ബൈ ട്രാൻസ്ഫർ പ്രമോഷനോ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>തദ്ദേശ പൊതുസർവ്വീസ് രൂപീകരിച്ചതിന് ശേഷം ഓരോ വകുപ്പിൽ നിന്നും പ്രമോഷൻ/ ബൈ ട്രാൻസ്ഫർ പ്രമോഷൻ അനുവദിച്ചിട്ടുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.<br>
<table>
<tr><th>വകുപ്പ്</th><th>പ്രമോഷൻ/ ബൈ ട്രാൻസ്ഫർ പ്രമോഷൻ</th></tr>
<tr><td>മുൻ പഞ്ചായത്ത് വകുപ്പ്</td><td>207</td></tr>
<tr><td>മുൻ ഗ്രാമവികസന വകുപ്പ്</td><td>69</td></tr>
<tr><td>മുൻ നഗരകാര്യ വകുപ്പ്</td><td>3</td></tr>
<tr><td>മുൻ മുനിസിപ്പൽ കോമൺ സർവ്വീസ്</td><td>25</td></tr>
<tr><td>മുൻ നഗര ഗ്രാമാസൂത്രണ വകുപ്പ്</td><td>1</td></tr>
</table></td></tr>
<tr><td>(സി)</td><td>തദ്ദേശ പൊതുസർവീസിൽ ഉൾപ്പെട്ട മുനിസിപ്പൽ കോമൺസർവീസ്, അർബൻ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് എന്നിവയിൽ നിന്നും എത്ര പേർക്ക് തദ്ദേശസ്ഥാപന സെക്രട്ടറിമാരായി പ്രമോഷനോ / ബൈട്രാൻസ്ഫർ പ്രമോഷനോ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;</td><td>(സി)</td><td>തദ്ദേശ പൊതുസർവ്വീസിൽ ഉൾപ്പെട്ട മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ 25 പേർക്കും മുൻ നഗരകാര്യ വകുപ്പിലെ ഒരാൾക്കും പ്രമോഷൻ/ ബൈട്രാൻസ്ഫർ പ്രമോഷൻ നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>മുനിസിപ്പൽ കോമൺ സർവീസ്, അർബൻ അഫയേഴ്സ് വകുപ്പ് എന്നിവയിൽ നിന്ന് പ്രമോഷനോ/ ബൈട്രാൻസ്ഫർ പ്രമോഷനോ ആയി നികത്താനുള്ള തദ്ദേശസ്ഥാപന സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?</td><td>(ഡി)</td><td>തദ്ദേശ സ്ഥാപന സെക്രട്ടറി തസ്തികയിലേയ്ക്ക് മുൻ മുനിസിപ്പൽ കോമൺ സർവ്വീസ് വകുപ്പിൽ നിന്നും നാല് ഒഴിവുകൾ നികത്താനുണ്ട്. ആയത് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം - 1</u>

| വകുപ്പ് | തസ്തിക | നിയമനരീതി | തസ്തികകളുടെ എണ്ണം |
|---|---|---|---|
| പഞ്ചായത്ത് വകുപ്പ് | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ബൈ ട്രാൻസ്ഫർ | 721 |
| ഗ്രാമവികസന വകുപ്പ് | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ബൈ ട്രാൻസ്ഫർ | 67 (ജോയിന്റ് ബി.ഡി.ഒ ൽ നിന്ന്)<br>25 (മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന്) |
| നഗരകാര്യ വകുപ്പ് | മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III | ബൈ ട്രാൻസ്ഫർ റിക്രൂട്ട്മെന്റ് | 20 (മുനിസിപ്പൽ കോമൺ സർവ്വീസ്)<br>7 (അർബൻ അഫയേഴ്സ് വകുപ്പ്) |
| മുനിസിപ്പൽ കോമൺ സർവ്വീസ് | റവന്യൂ ഓഫീസർ ഗ്രേഡ് 1/ കൗൺസിൽ സെക്രട്ടറി, എൽഎസ്ജിഐ/ ഡെപ്യൂട്ടി മുനിസിപ്പൽ സെക്രട്ടറി/ ഡെപ്യൂട്ടി കോർപ്പറേഷൻ സെക്രട്ടറി | ബൈ പ്രമോഷൻ | 35 |
| | അക്കൗണ്ട്സ് ഓഫീസർ (പുതിയതായി സൃഷ്ടിച്ചത്) | ബൈ പ്രമോഷൻ | 6 |
| പഞ്ചായത്ത് വകുപ്പ് | സീനിയർ സൂപ്രണ്ട് | ബൈ ട്രാൻസ്ഫർ | 35 |
| ഗ്രാമവികസന വകുപ്പ് | സീനിയർ സൂപ്രണ്ട് | ബൈ ട്രാൻസ്ഫർ | 31 |
| നഗരകാര്യ വകുപ്പ് | സീനിയർ സൂപ്രണ്ട് | ബൈ ട്രാൻസ്ഫർ | 6 |
| എഞ്ചിനീയറിംഗ് വിഭാഗം | സീനിയർ സൂപ്രണ്ട് | ബൈ ട്രാൻസ്ഫർ | 1 |
| ടൗൺ പ്ലാനിംഗ് | സീനിയർ സൂപ്രണ്ട് | ബൈ ട്രാൻസ്ഫർ | 5 |